LIBRARY ARCHIVES Kerala Legislative Assembly

റിസർവോയറിലെ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പദ്ധതി

20 (*230) ശ്രീ. പി. എ. മാധവൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിന്റെ റിസർവോയറിലെ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) റിസർവോയറിലെ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി & സി) ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി റിസർവോയറുകൾക്കുമേൽ ഫ്ലോട്ടിംഗ് പിവിപാനൽ സ്ഥാപിച്ച് സൗരോർജ്ജം പ്രയോജനപ്പെടുത്തുന്ന നൂതന ആശയം ഉൾക്കൊണ്ട് ചുള്ളിയാർ/ മീങ്കര റിസർവോയറുകളുടെ മുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഒരു പൈലറ്റ് പ്രോജക്ട് ആരംഭിക്കുന്നതിന് 18-4-2013 - ലെ സ.ഉ. (എം.എസ്)നം. 34/2013/ജവിവ ഉത്തരവ് പ്രകാരം ജലസേചന വകുപ്പിന് അനുമതി നൽകി. തുടർന്ന് 19-6-2013 ലെ സ.ഉ.(സാധാ) നം.706/13/ജവിവ ഉത്തരവ് പ്രകാരം ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന് താല്പര്യമുള്ള ഏജൻസികളെ കണ്ടെത്തുന്നതിന് ഗ്ലോബൽ ടെണ്ടർ വിളിക്കുന്നതിനുള്ള ഭരണാനുമതി നൽകി. അതുപ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് ഗ്ലോബൽ ടെണ്ടർ വിളിക്കുകയും ചെയ്തു. എന്നാൽ ടെണ്ടറിൽ പങ്കെടുക്കാൻ ആരും മുന്നോട്ട് വരാത്ത സാഹചര്യത്തിൽ കെ.ഐ.ഐ.ഡി.സി. ജർമ്മൻ സർക്കാരിന്റെ ഡെവലപ്മെന്റ് ബാങ്ക് ആയ KFW Entwicklungs Bank-മായി ബന്ധപ്പെടുകയും ജർമ്മൻ സർക്കാർ ഇന്ത്യൻ

സർക്കാരുമായി ഉഭയകക്ഷി ചർച്ച നടത്തി 50 മില്ല്യൻ യൂറോ റെഡ്യൂസ്ഡ് ഇന്ററസ്റ്റ് ലോൺ കെ.ഐ.ഐ.ഡി.സി.-ക്ക് നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. ഈ വ്യവസ്ഥകൾ അംഗീകരിച്ചതായി കേന്ദ്രസർക്കാർ (ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക് അഫയേഴ്സ്) കെ.ഐ.ഐ.ഡി.സി.-യെ അറിയിക്കുകയും തുടർന്ന് ജർമ്മൻ സർക്കാരിന്റെ സഹായത്തോടുകൂടി ഒരു വിദേശ കൺസൾട്ടൻസി സ്ഥാപനവുമായി ചേർന്ന് പഠനങ്ങൾ നടത്തി. പ്രസ്തുത പദ്ധതിയുടെ പ്രായോഗികത ഉറപ്പാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി റിപ്പോർട്ട് ജർമ്മൻ സർക്കാരുമായി ചേർന്ന് വിദേശ വിദഗ്ധരുടേതുൾപ്പെടെയുള്ള സഹായ സഹകരണങ്ങളോടുകൂടി തയ്യാറാക്കാനുള്ള നടപടിക്രമങ്ങൾ കെ.ഐ.ഐ.ഡി.സി. സ്വീകരിച്ചുവരുന്നു.

തൊഴിൽ നിയമ ഭേദഗതി

21 (*231) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എളമരം കരീം :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള തൊഴിൽ നിയമ ഭേദഗതിയിലെ വ്യവസ്ഥകളോടുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതിനായി ചെയ്ത കാര്യങ്ങൾ വിശദമാക്കുമോ;

(ബി) ഈ നിയമഭേദഗതി തൊഴിൽ മേഖലയിൽ സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതം പഠിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച വിഷയത്തിൽ വിവിധ സംസ്ഥാന തൊഴിൽ സെക്രട്ടറിമാരുമായി കേന്ദ്ര ലേബർ സെക്രട്ടറി ചർച്ച നടത്തിയിട്ടുണ്ട്. ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നിലവിലില്ലാത്ത സംസ്ഥാനങ്ങൾക്ക് വേണ്ടിയുള്ള ഒരു കരട് നിയമമാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ളത്. ഇപ്പോൾ ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നിലവിലുള്ള സംസ്ഥാനങ്ങൾക്ക് ഇത് ബാധകമായിരിക്കുകയില്ല എന്നതാണ് ചർച്ചയിൽ കേന്ദ്ര സർക്കാർ എടുത്തിരിക്കുന്ന നിലപാട്.

LIBRARY ARCHIVES Kerala Legislative Assembly